പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 596** **13-10-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ ശേഷിവർദ്ധനവും നെറ്റ്‌വർക്ക് ആധുനികവൽക്കരണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും അടിക്കടിയുണ്ടാകുന്ന വൈദ്യുതിതടസ്സങ്ങളും പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി നടപ്പിലാക്കിവരുന്ന സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിക്കുന്ന പദ്ധതികളും നെറ്റ്‌വർക്ക് ആധുനികവൽക്കരണ പദ്ധതികളും ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** തളിപ്പറമ്പയിലെ 220 കെ. വി. സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ടു 10MVA ട്രാൻസ്ഫോർമർ മാറ്റി പുതിയ രണ്ടു 20MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

തളിപ്പറമ്പ് മണ്ഡലത്തിൽപ്പെട്ട മയ്യിൽ സെക്ഷനിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ദ്യുതി- 2 പദ്ധതിയിൽ ഉൾപ്പെടുത്തി മയ്യിൽ ഫീഡറിനേയും, പാറക്കണ്ടി ഫീഡറിനേയും ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. കൂടാതെ ബാവുപ്പറമ്പ ഫീഡറും മയ്യിൽ ഫീഡറും നണിച്ചേരി പാലം വഴി ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തിയും ടെൻഡർ നടപടികളിൽ ആണ്.

ധർമ്മശാല സെക്ഷനിലേക്ക് 2 പുതിയ ഫീഡറുകൾ 2027-28 കാലയളവിലെ പദ്ധതിയിൽ പരിഗണനയിലുണ്ട്.

തളിപ്പറമ്പ് സെക്ഷനിലേക്ക് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ - 6 എണ്ണം, പുതിയ HT ലൈൻ വലിക്കൽ - 6.5 KM. എന്നിവയും പരിഗണനയിലാണ്.

**(ബി)** തളിപ്പറമ്പ് 110 കെ.വി സബ്സ്റ്റേഷൻ ഉൾപ്പെടെയുള്ള പ്രമുഖ സബ്സ്റ്റേഷനുകളുടെ നിലവിലെ ട്രാൻസ്ഫോർമർ ശേഷിയെത്ര; വർദ്ധിച്ചുവരുന്ന ലോഡ് അനുസരിച്ച് ഇവയുടെ ശേഷി ഉയർത്തുന്നതിനു (Capacity Enhancement) നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

**മറുപടി:** നിലവിൽ തളിപ്പറമ്പ 220 കെവി സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി 272 എംവിഎ ആണ്. 220 കെ.വി.സബ്സ്റ്റേഷൻ തളിപ്പറമ്പയിൽ നിലവിലുള്ള ഉയർന്ന ശേഷിയുള്ള രണ്ട് 100MVA ട്രാൻസ്ഫോർമർ മാറ്റി രണ്ട് 200 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാൻ (Capacity enhancement) പദ്ധതിയുണ്ട്.

**(സി)** പ്രസ്തുത മണ്ഡലത്തിലെ ചപ്പാരപ്പടവ്, കുറുമാത്തൂർ, പരിയാരം, കടന്നപ്പള്ളി-പാണപ്പുഴ, ആന്തൂർ തുടങ്ങിയ വിസ്തൃതമായ ഗ്രാമീണ/മലയോര മേഖലകളിൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ ലോഡ് ബാലൻസിങ്ങിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ലൈൻ നിർമ്മാണത്തിനുമായി അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

**മറുപടി:** ചപ്പാരപ്പടവ് സെക്ഷനിലേക്ക് – 14 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി നൽകി. - നിലവിൽ 2 എണ്ണം പൂർത്തികരിച്ചു - HT Line നിർമ്മാണത്തിനായി 13.5 KM HT കവേർഡ് കണ്ടക്ടറും, 5.3 KM HT UG കേബിൾ ലൈനും അനുമതി നൽകിയിട്ടുണ്ട്.

ആലക്കോട് – 1 സെക്ഷനിലേക്ക് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി നൽകി.

ധർമ്മശാല സെക്ഷനിലേക്ക് സിംഗിൾഫേസ് - ത്രീ ഫേസ് കേബിളാക്കി മാറ്റുന്ന പ്രവൃത്തി – 2 KM പുരോഗമിക്കുന്നു.

കരിമ്പം സെക്ഷനിലേക്ക് – കുറുമാത്തൂർ ഡയറി ചൊറുക്കള, മഞ്ചൽ, കുറുമാത്തൂർ കുനം റോഡ് എന്നീ മേഖലകളിൽ 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ദ്യുതി-3 ൽ പരിഗണനയിലാണ്.

നിലവിലുള്ള 11 KV ലൈൻ റീ - റൂട്ട് ചെയ്യുന്ന പ്രവൃത്തി കുറുമാത്തൂർ കടവ്, കുറുമാത്തൂർ ഇല്ലം, താനിക്കുന്ന് ചിന്മയ – കൂനം എന്നിവിടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂനം - കുളത്തൂർ 11 KV ABC ലൈൻ ഇന്റർലിങ്കിംഗ് പ്രവൃത്തിയും പരിഗണനയിലാണ്.

പരിയാരം സെക്ഷനിലേക്ക് - 7 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. നിലവിൽ 3 എണ്ണം പൂർത്തിയായി ലൈൻ നിർമാണത്തിനായി RDSS –ൽ 23 LT ABC വർക്കുകൾ പുരോഗമിക്കുന്നു.

**(ഡി)** വോൾട്ടേജ് ഡ്രോപ്പ് നേരിടുന്ന പ്രദേശങ്ങളിൽ 11കെ.വി ലൈനുകളുടെ ദൂരം കുറയ്ക്കുന്നതിനായി പുതിയ 33കെ.വി /11കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനോ നിലവിലുള്ള എച്ച്.ടി/എൽ.ടി ലൈനുകൾ എ.ബി. കേബിളുകളാക്കി മാറ്റുന്നതിനോ കെ.എസ്.ഇ.ബി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**മറുപടി:** വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള എച്ച് ടി/ എൽ ടി ലൈനുകൾ എ ബി കേബിളുകളാക്കി മാറ്റുന്ന പ്രവൃത്തി (മയ്യിൽ ടൌൺ മുതൽ കുറ്റ്യാട്ടൂർ വരെ 10 കി.മി ദൂരം) ദ്യുതി -3 പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മറ്റു സെക്ഷനുകളിൽ താഴെ പറയും പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്:

| **സെക്ഷൻ പേര്** | **നടപ്പിലാക്കുന്ന പ്രവൃത്തികൾ** |
|---|---|
| ആലക്കോട് | LT ലൈനുകൾ AB കേബിളാക്കി മാറ്റുന്ന പ്രവൃത്തി - 4 KM |
| ചപ്പാരപ്പടവ് | LT ലൈൻ AB കേബിളാക്കി മാറ്റുന്ന പ്രവൃത്തി - 6 KM |
| ധർമ്മശാല | LT കേബിൾ ഉപയോഗിച്ച് 3 ഫേസ് കൺവേർഷൻ നടത്തി |
| പരിയാരം | LT ലൈനുകൾ AB കേബിളാക്കി മാറ്റുന്ന പ്രവൃത്തി ദ്യുതി പദ്ധതിയിൽ (5 എണ്ണം) നടത്തി വരുന്നു. |

**മറ്റ് പദ്ധതികൾ**

**(1)** 33 KV S/S ആലക്കോടിലേക്ക് covered conductor ഉപയോഗിച്ച് ലൈൻ വലിക്കുന്നതിന് Multi Year Tariff പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **(2)** ഒടുവള്ളിത്തോട് എന്ന സ്ഥലത്ത് ഒരു 110KV S/S നിർമ്മാണം. Multi Year Tariff – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനിൽ 110/33 KV 16 MVA ട്രാൻസ്ഫോർമർ വെച്ച് ആലക്കോട് സബ്സ്റ്റേഷനിലേക്ക് ഒരു line വലിക്കുന്നതിനുള്ള ശിപാർശ Multi Year Tariff പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(3)** 33 കെ.വി. നാടുകാണി സബ്സ്റ്റേഷൻ- 110 KV നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി സാങ്കേതിക സാധ്യതാ പഠനം പൂർത്തിയായി. അനുബന്ധ നടപടികൾ പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**